**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2839** **14-09-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ ഇ- വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ എത്ര ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളാണുള്ളത്; വിശദാമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ഇ.ബി.എൽ-ന്റെ ഉടമസ്ഥതയിൽ 5 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ നിലവിലുണ്ട്. അവയുടെ പട്ടിക ചുവടെ ചേർക്കുന്നു.<br>1. നേമം ഇലക്ട്രിക്കൽ സെക്ഷൻ കോമ്പൗണ്ട്.<br>2. പരുത്തിപ്പാറ സബ്സ്റ്റേഷൻ കോമ്പൗണ്ട്.<br>3. വൈദ്യുതി ഭവൻ, പട്ടം, തിരുവനന്തപുരം.<br>4. ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് പരിസരം, നെയ്യാറ്റിൻകര.<br>5. അവനവൻചേരി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പരിസരം.<br>ഇത് കൂടാതെ ജില്ലയിൽ എല്ലാ നിയോജക മണ്ഡലങ്ങളിലുമായി കെ.എസ്.ഇ.ബി.എൽ ന്റെ ഉടമസ്ഥതയിൽ 145 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും നിലവിലുണ്ട്.<br>തിരുവനന്തപുരം ജില്ലയിൽ നിലവിൽ അനെർട്ടിന്റെ വിവിധ പ്രോജക്ടുകളിൽ 4 ചാർജിംഗ് സ്റ്റേഷനുകളാണ് പ്രവർത്തിച്ചു വരുന്നത്.<br>1. ശംഖുമുഖം DTPC പാർക്കിംഗ്<br>2. അനെർട്ട് കേന്ദ്ര കാര്യാലയം, PMG - ലോ കോളേജ് റോഡ്, വികാസ് ഭവൻ പി. ഒ<br>3. ഗവ. ഗസ്റ്റ് ഹൗസ്, തൈക്കാട്<br>4. NIMS ഹോസ്പിറ്റൽ, നെയ്യാറ്റിൻകര (സ്വകാര്യ മേഖലയിലെ സൗരോർജ്ജ ചാർജിംഗ് സ്റ്റേഷൻ) |
| (ബി) | ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് ചാർജിംഗ് മെഷിന് | (ബി) | കെ.എസ്.ഇ.ബി.എൽ-ന്റെ നേതൃത്വത്തിൽ നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സംരംഭകർ നിലവിൽ പദ്ധതിയുടെഭാഗമായി; വിശദമാക്കാമോ? | | എന്നാൽ അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ നിലവിൽ 10 സംരംഭകർ ഈ പദ്ധതിയുടെ ഭാഗമാകുകയും അതിൽ 4 പേർക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തു.<br><br>ഇലക്ട്രിക് കാറുകൾക്ക് ചാർജിംഗ് സൗകര്യം ആവശ്യമായി വരുന്നത് ദീർഘദൂര യാത്രകൾക്കാണ്. നിലവിൽ ഇലക്ട്രിക് കാർ ചാർജ് ചെയ്യുന്നതിന് 30 മുതൽ 60 മിനിറ്റ് വരെ സമയം ആവശ്യമായി വരുന്നതിനാൽ ഹോട്ടലുകൾ/റസ്റ്റാറന്റുകൾ എന്നിവിടങ്ങളിൽ ഫാസ്റ്റ് ചാർജിംഗ് മെഷീൻ സ്ഥാപിക്കുന്നതാണ് അനുയോജ്യം. ഇത്തരം സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന DC ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ അനെർട്ട് വഴി സബ്സിഡി ആയി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ